# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: T2438

18.12.2012-ൽ
മറുപടിക്ക്.

## ഗെയിൽ ഗ്യാസ് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. കുഞ്ഞിരാമൻ<br>(തൃക്കരിപ്പൂർ) | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) ഗെയിൽ ഗ്യാസ് പൈപ്പ് ലൈൻ സ്ഥാപിക്കാൻ വ്യക്തികളുടെ അനുവാദമില്ലാതെ അവരുടെ സ്ഥലങ്ങളിലെ ഭൂമി കഴിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ)ഇല്ല. ഗെയിൽ ഭൂവുടമയുടെ സമ്മതമില്ലാതെ നിർമ്മാണ പ്രവർത്തികൾ തുടങ്ങാറില്ല. Petroleum & Mineral Pipeline Act (P&MP ആക്ട്) പ്രകാരം 3(1), 6(1) ഉം notification കഴിഞ്ഞാൽ പ്രസ്തുത ഭൂമിയുടെ ഉപയോഗാവകാശം (RoU) ഭാരത സർക്കാരിൽ തടസങ്ങളൊന്നുമില്ലാതെ നിക്ഷിപ്തമാണ്. Gazette വിജ്ഞാപന പ്രകാരം ഗവൺമെന്റ് ഓഫ് ഇൻഡ്യ ഗെയിലിന് ലൈൻ ഇടുന്നതിനായി അധികാരം നൽകുകയും ചെയ്യുന്നതിനാൽ, പ്രത്യേകിച്ച് വേറെ അനുമതികളുടെ ആവശ്യം നിയമപ്രകാരം വരുന്നില്ല. എന്നിരുന്നാലും ഭൂവുടമകളുടെ ആശങ്കകളും സംശയങ്ങളും ദൂരികരിക്കുന്നതിന് ഭൂവുടമകളെ അറിയിച്ച ശേഷവും GAIL മഹസർ എഴുതിയ ശേഷവുമാണ് നിർമ്മാണ പ്രവർത്തനങ്ങളിലേർപ്പെടുന്നത്. |
| (ബി)എങ്കിൽ ഭൂവുടമകൾക്ക് നഷ്ടപരിഹാരം നൽകുമോ? | (ബി) P&MP ആക്ട് പ്രകാരം നഷ്ടപരിഹാരം നിർണ്ണയിച്ച് നിയമാനുസൃതമായ നഷ്ടപരിഹാരങ്ങൾ നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ